# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *169 | 04.11.2019 ൽ മറുപടിയ്ക്ക് |
| --- | --- |
| **സ്ത്രീ അവസര സമത്വത്തിനും ക്ഷേമത്തിനുമുള്ള പദ്ധതികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.പി. ഉണ്ണി<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ. ദാസൻ<br>പ്രൊഫ.കെ.യു. അരുണൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) ജൻഡർ ബജറ്റിലൂടെ സ്ത്രീ അവസര സമത്വത്തിനും ക്ഷേമത്തിനും ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ എന്തൊക്കെയാണ്; | (എ) സ്ത്രീ അവസര സമത്വത്തിനും ക്ഷേമത്തിനുമായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.<br>1 അഭയകിരണം.<br>2 സഹായഹസ്തം.<br>3 മംഗല്യപദ്ധതി.<br>4 പടവുകൾ.<br>5 അതിജീവിക.<br>6 സധൈര്യം മുന്നോട്ട്. |
| (ബി) സ്ത്രീകളെ സ്വയംപര്യാപ്തമാക്കുന്നതിന് വരുമാനദായകമായ തൊഴിലിന്റെ പ്രാധാന്യം കണക്കിലെടുത്ത് തൊഴിലിടങ്ങളിൽ സ്ത്രീകളുടെ അവകാശങ്ങളും അന്തസ്സും സംരക്ഷിക്കുന്നതിന് നടത്തി വരുന്ന ഇടപെടലുകൾ അറിയിക്കാമോ; | (ബി) തൊഴിലിടങ്ങളിൽ സ്ത്രീകളുടെ അവകാശങ്ങളും അന്തസ്സും സംരക്ഷിക്കുന്നതിന് 2013 ലെ Sexual Harassment of Women at work Place (Prevention, Prohibition & Redressal) Act പ്രാവർത്തികമാക്കുന്നതിന് Nodal Agency ആയി വനിത ശിശു വികസന ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് അനുകൂലമായ അന്തരീക്ഷം ഉറപ്പ് |

| | |
|---|---|
| | വരുത്തുന്നതിന് എല്ലാ തൊഴിലിടങ്ങളിലും Sexual Harassment of Women at Work Place (Prevention, Prohibition and Redressal) Act 2013 അനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടറി കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി നിയമം 6-ാം വകുപ്പ് പ്രകാരം ലോക്കൽ കമ്മിറ്റികളിലേയ്ക്ക് ലഭിക്കുന്ന പരാതികൾ നിശ്ചിത സമയത്തിനുള്ളിൽ ജില്ലാ കളക്ടർമാർക്ക് നൽകുന്നതിന് 258 ശിശു വികസന പദ്ധതി ഓഫീസർമാരെ നോഡൽ ഓഫീസർമാരായി 25.09.2018 ലെ സ.ഉ(സാധാ) നം. 554/18/സാനീവ പ്രകാരം നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. നിയമത്തെക്കുറിച്ച് സ്റ്റേക്ക് ഹോൾഡേഴ്സിന് അവബോധം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 21.12.2018 ലെ 15354/leg.C2/18/Law. Kerala Shops and Commercial Establishment (Amendment) Act 2018 അനുസരിച്ച് തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിയമം തൊഴിൽ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. |
| (സി) അഭ്യസ്തവിദ്യരായ സ്ത്രീകളുടെ നൈപുണ്യശേഷി വർദ്ധിപ്പിച്ച് തൊഴിലിന് പ്രാപ്തരാക്കുന്നതിന് പ്രത്യേക പദ്ധതി-യുണ്ടോയെന്ന് അറിയിക്കാമോ; | (സി) അഭ്യസ്ത വിദ്യരായ സ്ത്രീകളുടെ നൈപുണ്യശേഷി വർദ്ധിപ്പിച്ച് തൊഴിലിന് പ്രാപ്തരാക്കുന്നതിന് സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രൊഫഷണൽ ഗ്രൂമിങ്ങ് അക്കാദമി ഫോർ വിമൻ (റീച്ച്) പ്രവർത്തിക്കുന്നുണ്ട്. |
| ഡി) രാജ്യത്ത് ആദ്യമായി അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർ-ക്കുകൂടി പ്രസവാവധി അനുവദിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ മാതൃകാപരമായ തീരുമാനവും സർക്കാർ സർവീസിൽ | ഡി) രാജ്യത്ത് ആദ്യമായി അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുകൂടി പ്രസവാവധി അനുവദിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ മാതൃകാപരമായ തീരുമാനം പ്രാബല്യത്തിൽ വരുത്താനുള്ള നടപടിക്രമങ്ങൾ |

| | |
|---|---|
| വനിതകളെ ഡ്രൈവർമാരായി നിയമിക്കാനുള്ള തീരുമാനവും പ്രാബല്യത്തിലായിട്ടുണ്ടോ; വിശദമാക്കാമോ? | പൂർത്തിയായി വരുന്നു. സർക്കാർ സർവീസിൽ വനിതകളെ ഡ്രൈവർമാരായി നിയമിക്കുന്നതിന് 23.08.2019 ലെ സ.ഉ(സാധാ)നം. 526/19/സാനീവ പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ